"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഹോമിയോപ്പതി വകുപ്പ് - ജീവനക്കാര്യം - എറണാകുളം ജില്ലയിലെ മുക്കന്നൂർ സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്-II ശ്രീ.അശ്വിൻ ആനന്ദ്-ന് ശൂന്യവേതനാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആയുഷ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.674/2025/AYUSH തീയതി, തിരുവനന്തപുരം, 29-12-2025

പരാമർശം:- (1) ശ്രീ.അശ്വിൻ ആനന്ദ് സമർപ്പിച്ച 25/08/2025-ലെ അവധി അപേക്ഷ.

(2) ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ 22/09/2025-ലെ - DHTVM/1894/2025-EA5 - നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിലെ മുക്കന്നൂർ സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്-II ആയ ശ്രീ.അശ്വിൻ ആനന്ദ്-ന്, തന്റെ കുഞ്ഞിന്റെ പരിചരണാർത്ഥം, 26/08/2025 മുതൽ 31/08/2026 വരെ 371 ദിവസങ്ങളിലേയ്ക്ക് ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം-(1) പ്രകാരം ടിയാൾ സമർപ്പിച്ച അവധി അപേക്ഷ പരിഗണിച്ച് ഉത്തരവാകുന്നതിലേയ്ക്കായി ഹോമിയോപ്പതി വകുപ്പ് മേധാവി പരാമർശം-(2) പ്രകാരം സർക്കാരിലേയ്ക്ക് ലഭ്യമാക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹോമിയോപ്പതി വകുപ്പ് മേധാവി പരാമർശം-(2) പ്രകാരം ലഭ്യമാക്കിയ രേഖകളുടേയും, വസ്തുതകളുടേയും വെളിച്ചത്തിൽ, എറണാകുളം ജില്ലയിലെ മുക്കന്നൂർ സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്-II ശ്രീ.അശ്വിൻ ആനന്ദ്-ന് വ്യക്തിപരമായ ആവശ്യത്തിനായി 26/08/2025 മുതൽ 31/08/2026 വരെ, ടി കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നിവയ്ക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ, കെ.എസ്.ആർ. ഭാഗം-I ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
നിസ്സാർ .എ
അണ്ടർ സെക്രട്ടറി

1. ഹോമിയോപ്പതി വകുപ്പ് മേധാവി, തിരുവനന്തപുരം.

2. ശ്രീ.അശ്വിൻ ആനന്ദ്, ഫാർമസിസ്റ്റ് ഗ്രേഡ്-II, സർക്കാർ ഹോമിയോ ഡിസ്പെൻസറി, മുക്കന്നൂർ, എറണാകുളം. (ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ കാര്യാലയം മുഖേന)
3. ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ), എറണാകുളം.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
5. ധനകാര്യ (ഹെൽത്ത്-ബി) വകുപ്പ്. (04/12/2025-ലെ E 3314351/HLT-B3/837/2025-FIN - നമ്പർ കുറിപ്പ് പ്രകാരം)
6. വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്.
7. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്. (AYU-C2/158/2025-AYUSH)

ഉത്തരവിൻ പ്രകാരം,

Signed by Pradeep R S
Date: 29-12-2025 22:59:01

സെക്ഷൻ ഓഫീസർ.